**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1166** **11.06.2019-ൽ മറുപടിയ്ക്ക്**

# തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് നിർമ്മാണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മാത്യു റ്റി.തോമസ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| **(എ)** പത്തനംതിട്ട ജില്ലയിലെ തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്ന പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | **(എ)** തിരുവല്ല – മല്ലപ്പള്ളി – ചെലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വീതി കൂട്ടുന്നതിന് 305.15 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 10.70 കോടി രൂപ ഭരണാനുമതി സർക്കാർ ഉത്തരവ് (G.O(Rt) No. 892/2018/PWD, dated 24/05/2018 ) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പത്തനംതിട്ട ജില്ലയിൽ തിരുവല്ല, കുറ്റപ്പുഴ, കുന്നന്താനം, കല്ലൂപ്പാറ, മല്ലപ്പള്ളി, ആനിക്കാട് എന്നീ വില്ലേജുകളിലെയും കോട്ടയം ജില്ലയിൽ പായിപ്പാട്, നെടുകുന്നം എന്നീ വില്ലേജുകളിലെയും സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. പത്തനംതിട്ട ജില്ലയിലെ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ നമ്പർ. 2155 തീയതി 13/08/2018 പ്രകാരം ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ വില്ലേജുകളുടെ 6(1) നോട്ടിഫിക്കേഷൻ നമ്പർ. 2739 തീയതി 05/11/2018 പ്രകാരം ലഭിച്ചിട്ടുണ്ട്. അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ നിന്നും ഏറ്റെടുത്ത കരാറുകാരനെ പ്രവൃത്തി നടത്തിപ്പിലുണ്ടായ അനാസ്ഥ കാരണം ടെർമിനേറ്റ് ചെയ്യുകയും ബാക്കി പ്രവൃത്തി പുന:ക്രമീകരികരിച്ച് ടെണ്ടർ ചെയ്യുവാനുള്ള പ്രവൃത്തി നടന്നുവരികയുമാണ്. |
| **(ബി)** പദ്ധതിയുടെ എസ്.പി.വി. ആയി നിയമിച്ച റിക്ക്-ന് പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി) & (സി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ വീഴ്ച വരുത്തിയ കരാറുകാരനെ പിരിച്ചുവിടുകയും പ്രവൃത്തിക്ക് പുന:ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |

**(സി)** റിക്ക്-നെ കൊണ്ട് തന്നെ തുടർന്നുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്നും അതോ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

**(ഡി)** റോഡിന്റെ നിർമ്മാണം സംബന്ധിച്ച തുടർനടപടികൾ വിശദമാക്കാമോ?

**(ഡി)** അതിർത്തി കല്ല് സ്ഥാപിക്കുക, ഭൂമി ഏറ്റെടുക്കൽ, സാങ്കേതിക അനുമതി, പ്രവൃത്തി ടെണ്ടർ ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെട്ടിരിക്കുന്നു. അതിർത്തി കല്ല് സ്ഥാപിക്കൽ ഭൂമി ഏറ്റെടുക്കൽ എന്നീ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് ശേഷം ഡിസൈൻ അനുസരിച്ചുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതും ടെണ്ടറിൽ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ